നിശ്ചയിച്ച തീയതിക്കു മുമ്പ് നിയമസഭ പിരിയുന്നതുകൊണ്ട് ഈ ബിൽ ഈ നിയമ സഭയിൽ പാസ്സാക്കാൻ സാധിക്കാത്ത ഒരു അവസ്ഥാ വിശേഷം വന്നിട്ടുണ്ട്. ഏതായാലും അതു നിയമപരമായി പ്രാവർത്തികമാക്കാനുള്ള നടപടിക്രമങ്ങൾ ഗവൺമെന്റ് ആലോചിച്ചു കൊണ്ടിരിക്കുകയാണ്. ഈ നിയമം പാസ്സാക്കിയതിനുശേഷം തെരഞ്ഞെടുപ്പു നടത്താം എന്നായിരുന്നു സർക്കാരിന്റെ തീരുമാനം. ഇതിനിടയ്ക്ക് ഒരു അംഗം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു കേസ്സുമായി പോയതിന്റെ അടിസ്ഥാനത്തിൽ, കോടതിയോടു സാവകാശത്തിനുവേണ്ടി ഗവൺമെന്റ് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ, മൂന്ന് മാസ ത്തേക്ക് സാവകാശം അനുവദിച്ചിട്ടുണ്ട്. ആ മൂന്ന് മാസത്തിനുള്ളിൽ ഈ തെരഞ്ഞെടുപ്പു നടത്തി അധികാര കൈമാറ്റം നടത്തുമെന്ന് ഈ നിയമസഭയിൽ ഞാൻ ഉറപ്പ് തരുന്നു.

(30) വൈക്കം താലൂക്ക് റവന്യൂ ടവറിന്റെ വർക്ക് ടെന്റർ ചെയ്യുന്നത് സംബന്ധിച്ച്

ശ്രീ. പി. നാരായണൻ: സർ, കോട്ടയം ജില്ലയിൽ വൈക്കം താലൂക്ക് ഓഫീസ് കോമ്പൗണ്ടിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം റവന്യൂ ടവറിന്റെ എസ്റ്റിമേറ്റും പ്ലാനും തയ്യാറായ സാഹചര്യത്തിൽ അടിയന്തിരമായി ടി വർക്ക് ടെന്റർ ചെയ്യുന്നതിനുള്ള നിർദ്ദേശം കൊടുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ടവറിന്റെ നിർമ്മാണം നിർത്തി വയ്ക്കുകയുണ്ടായി. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വൈക്കത്തെ റവന്യൂ ടവർ അവിടെ സ്ഥാപിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിച്ചുവരികയാണ്. അനുഭാവ പൂർവ്വം അതുപരിഗണിക്കാം.

(31) വടക്കേക്കര പ്രദേശത്തെ വോൾട്ടേജ് ക്ഷാമം

ശ്രീ. എം. എ. ചന്ദ്രശേഖരൻ: സർ, എന്റെ മണ്ഡലത്തിലെ വടക്കേക്കര പുത്തൻ വേലിക്കര പഞ്ചായത്തിൽ അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമമുണ്ട്. രാത്രിയായാൽ കണ്ണുകാണാൻ പറ്റില്ല, കുട്ടികൾക്കു പഠിക്കാൻ പോലും പറ്റില്ല. വടക്കേക്കര സബ് സ്റ്റേഷനിൽ 90 ശതമാനം പണികൾ രണ്ടു വർഷങ്ങൾക്ക് മുമ്പ് പൂർത്തിയായതാണ്. അതിനുശേഷം പണി കാര്യമായി നടക്കുന്നില്ല. അടിയന്തിരമായി അതിനു പരിഹാരം ഉണ്ടാക്കാനും പുത്തൻവേലിക്കരയിൽ സബ് സ്റ്റേഷന് ആവശ്യമായ സ്ഥലമെടുപ്പു നടപടികൾ പൂർത്തിയായി. അതിന്റെ പണി ഉടൻ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, വടക്കേക്കര സബ്സ്റ്റേഷൻ പണിയുന്നതിനുവേണ്ടി മുത്തകുന്നം വില്ലേജിൽ ഒരു ഏക്കർ ഭൂമി ഏറ്റെടു ത്തിട്ടുണ്ട്. സബ്സ്റ്റേഷന്റെ ഏകദേശം 85 ശതമാനം പണിയും പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly